**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1820** **11-10-2024 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി ബസ്സുകളുടെ സമയം ക്രമീകരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം തുമ്പ സെന്റ് സേവ്യേഴ്സ് കോളേജിലെ വിദ്യാർത്ഥികളുടെ സൗകര്യം കണക്കിലെടുത്ത് തിരുവനന്തപുരം ജില്ലയുടെ വിവിധ പ്രദേശങ്ങളിൽ നിന്നും കോളേജിലെത്തുന്നതും പോകുന്നതുമായ കെ.എസ്.ആർ.ടി.സി ബസ്സുകളുടെ സമയം ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (എ) | നിലവിൽ തിരുവനന്തപുരം തുമ്പ സെന്റ് സേവ്യേഴ്സ് കോളേജിലെ വിദ്യാർത്ഥികളുടെ സൗകര്യം കണക്കിലെടുത്ത് തിരുവനന്തപുരം ജില്ലയുടെ വിവിധ പ്രദേശങ്ങളിൽ നിന്നും കോളേജിലെത്തുന്നതിനും പോകുന്നതിനുമായി തിരുവനന്തപുരം സിറ്റി, കണിയാപുരം, ആറ്റിങ്ങൽ, പൂവാർ, നെയ്യാറ്റിൻകര എന്നീ യൂണിറ്റുകളിൽ നിന്നായി പ്രതിദിനം 35 ട്രിപ്പുകൾ തുമ്പ സെന്റ് സേവ്യേഴ്സ് കോളേജിലേയ്ക്കും നടത്തി വരുന്നു. ഇതിൽ നെയ്യാറ്റിൻകര ഡിപ്പോയിൽ നിന്നും പുതുതായി ആരംഭിച്ച ഷെഡ്യൂൾ പ്രകാരം കളിയിക്കാവിളയിൽ നിന്നും 06.40, 13.20 എന്നീ സമയങ്ങളിൽ സെന്റ് സേവ്യേഴ്സ് കോളേജ് വഴി പെരുമാതുറയ്ക്കും, പെരുമാതുറയിൽ നിന്നും 09.30, 16.20 എന്നീ സമയങ്ങളിൽ സെന്റ് സേവ്യേഴ്സ് കോളേജ് വഴി കളിയിക്കാവിളയിലേയ്ക്കും സർവീസ് ക്രമീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ